150 /NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
30/10/2019

**സർക്കുലർ**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം 2019-20 ലെ സപ്തദിന സഹവാസ ക്യാമ്പ് 2019 ഡിസംബർ 21 മുതൽ 27 വരെ നടത്തേണ്ടതാണ്. മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഈ വർഷത്തെ ക്യാമ്പ് ഗാന്ധിയൻ ദർശനങ്ങളിൽ ഊന്നി നിൽക്കുന്നതും, ഗ്രീൻപ്രോട്ടോകോൾ പാലിക്കുന്നതുമായിരിക്കണം. സ്പെഷ്യൽ ക്യാമ്പിനു മുന്നോടിയായി യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർമാർക്ക് ജില്ലാ തലത്തിൽ പ്രീക്യാമ്പ് ഓറിയന്റേഷൻ രണ്ടു ദിവസങ്ങളിലായി സംഘടിപ്പിക്കണം. സപ്തദിന സഹവാസ ക്യാമ്പിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ, ഗ്രൂപ്പ് തിരിക്കൽ, ചുമതലാ വിഭജനം എന്നിവ പ്രീക്യാമ്പിൽ പരിചയപ്പെടുത്തേണ്ടതാണ്. പ്രീക്യാമ്പ് ഓറിയന്റേഷനെക്കുറിച്ചുള്ള വിവരങ്ങൾക്കായി ജില്ലാ കൺവീനർ/പിഎസി അംഗങ്ങളെ ബന്ധപ്പെടേണ്ടതാണ്. ക്യാമ്പിനും പ്രീക്യാമ്പ് ഓറിയന്റേഷനും വിദ്യാലയങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ അനുവദിക്കുകയുള്ളൂ.

എൻഎസ്എസ് യൂണിറ്റുകൾ സപ്ത ദിന സഹവാസസ്പെഷ്യൽ ക്യാമ്പ് പ്രൊപ്പോസലിന്റെ രണ്ടു കോപ്പി പിഎസി അംഗങ്ങൾക്ക് നൽകേണ്ട അവസാന തീയതി **2019 നവംബർ 21** ആണ്. പിഎസി അംഗങ്ങൾ പ്രൊപ്പോസലിന്റെ ഒരു കോപ്പി 2019 **നവംബർ** 24 ന് മുൻപായി ജില്ലാ കൺവീനർക്ക് നൽകേണ്ടതാണ്. ജില്ലാ കൺവീനർമാർ ക്രോഡീകരിച്ച പ്രൊപ്പോസലുകളുടെ സോഫ്റ്റ് കോപ്പി ചുവടെ ചേർക്കുന്ന ഫോർമാറ്റിൽ **2019 നവംബർ 29** ന് മുൻപായി എൻഎസ്എസ് സെല്ലിലേയ്ക്കും മേഖലാ കൺവീനർമാർക്കും ഇമെയിൽ മുഖാന്തിരം അയയ്ക്കേണ്ടതും പിഎസി അംഗങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതുമാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ, സംസ്ഥാന പോലീസ് മേധാവി, എൻഎസ്എസ് റീജണൽ ഡയറക്ടർ, സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ, ഹയർ സെക്കണ്ടറി റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാർ എന്നിവർക്ക് ക്യാമ്പിന്റെ വിവരങ്ങൾ നൽകേണ്ടതിനാൽ റീജണൽ കൺവീനർമാരും ജില്ലാ കൺവീനർമാരും സ്പെഷ്യൽ ക്യാമ്പിന്റെ കൃത്യത (ദൂരപരിധി, അധ്യാപക പങ്കാളിത്തം) ഉറപ്പുവരുത്തേണ്ടതാണ്.

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ 2018 ഡിസംബറിലെ സപ്തദിന ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കാത്ത എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വോളണ്ടിയർമാർ 2019 ഡിസംബറിലെ സപ്തദിന ക്യാമ്പിൽ ഉൾപ്പെടുത്തുന്നതിനായി എൻഎസ്എസ് സെല്ലിൽ നിന്നും പ്രത്യേക അനുവാദം വാങ്ങേണ്ടതാണ്. സ്പെഷ്യൽ ക്യാമ്പിൽ

ഉൾപ്പെടുത്തേണ്ട വോളണ്ടിയർമാരുടെ വിവരവും 2018 ഡിസംബറിലെ സ്പെഷ്യൽ ക്യാമ്പിന്റെ അറ്റൻഡൻസിന്റെ പകർപ്പും വെബ്സൈറ്റിൽ നിന്നും എടുത്ത എൻറോൾമെന്റിന്റെ പകർപ്പും , 2018-19 , 2019-20 ലെ റെഗുലർ ആക്ടിവിറ്റി അറ്റൻഡൻസിന്റെ പകർപ്പും വോളണ്ടിയറിനു പങ്കെടുക്കാൻ സാധിക്കാത്തതിനുള്ള കാരണവും(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ്) **2019 നവംബർ 14 ന്** മുൻപായി പിഎസി /ജില്ലാ കൺവീനർ മുഖാന്തിരം എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്. 2019 നവംബർ 14 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. മുൻ വർഷങ്ങളിൽ ക്യാമ്പിൽ പങ്കെടുത്ത വോളണ്ടിയർമാരെ **2019 ഡിസംബർ 26** നു നടക്കുന്ന ***ജീവരക്ഷ*** പരിപാടിക്കല്ലാതെ യാതൊരു കാരണവശാലും ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ പാടില്ല.

**ഈ വർഷം ക്യാമ്പിൽ നടത്തേണ്ട പ്രവർത്തനം**

## അക്ഷര സമൃദ്ധി- സ്കൂൾ നവീകരണ പരിപാടി

- **ക്യാമ്പു പ്രദേശത്തെ ഏതെങ്കിലും അംഗൻവാടി /പ്രൈമറി സ്കൂളിന്റെ നവീകരണ-പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനം**

അംഗൻവാടി/പ്രൈമറി വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ ലഭ്യമാക്കൽ, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയാണ് ലക്ഷ്യം. ഇതിനുള്ള മുന്നൊരുക്കം കഴിയുന്നത്ര നേരത്തേ നടത്തുകയും ജനപ്രതിനിധികൾ, പൗരപ്രമുഖർ തുടങ്ങിയവരുടെ നേതൃത്വവും നാട്ടുകാരുടെ സഹകരണവും തേടുകയും വേണം.

21-12-2019 - ഉദ്ഘാടനം ( 9.00 am)

22-12-2019 - ഗാന്ധിസ്മൃതി സദസ്സ് (Afternoon)

23-12-2019 - സമദർശൻ (Afternoon)

24-12-2019- രക്ഷാകർത്തൃസംഗമം (4pm)

25-12-2019-

26-12-2019- ജീവരക്ഷ- പ്രഥമ ശുശ്രൂഷ പരിശീലന പരിപാടി(Full Day Programme)

27-12-2019- സ്വച്ഛ് ഭാരത്( Forenoon)

(എല്ലാ ദിവസവും രാവിലെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.) 2019 സ്പെഷ്യൽ ക്യാമ്പിന് സംസ്ഥാന വ്യാപകമായി

**"ഗാന്ധി സ്മൃതി@150"** എന്ന് പേരു നൽകേണ്ടതാണ്.

നിശ്ചിത വിഷയത്തെ ആധാരമാക്കി കായിക പ്രവർത്തനങ്ങളും ബോധവൽക്കരണ കർമ്മ സർഗ്ഗപ്രവർത്തനങ്ങളും കണ്ടെത്തി സമന്വയിപ്പിക്കണം. ക്യാമ്പ് ദിനം ആരംഭിക്കുന്നത് എൻഎസ് എസ് ഗീതത്തോടെ ആയിരിക്കണം. എല്ലാ ദിവസവും ഉച്ചവരെ കായികകർമ്മ പരിപാടികൾക്കായി നീക്കി വയ്ക്കണം. എല്ലാ പ്രവർത്തനങ്ങളുടെയും ഡോക്യുമെന്റേഷൻ കൃത്യമായി ചെയ്യുവാൻ വോളണ്ടിയർമാരെ ചുമതലപ്പെടുത്തണം. സ്പെഷ്യൽ ക്യാമ്പിൽ താമസത്തിനും ഭക്ഷണത്തിനും മിതത്വം പാലിക്കണം. **വോളണ്ടിയർമാർ ക്യാമ്പിൽ തയ്യാറാക്കിയ ഭക്ഷണം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.** സ്കൂൾ ക്യാന്റീൻ, ഹോട്ടൽ എന്നിവിടങ്ങളിൽ നിന്നുള്ള ഭക്ഷണ സാധനങ്ങൾ ക്യാമ്പിൽ വിതരണം ചെയ്യാൻ പാടില്ല. പാചകക്കാരെ അനുവദിക്കുന്നതല്ല. സ്പോൺസർഷിപ്പ് ആയി ലഭിക്കുകയാണെങ്കിൽ സാധനങ്ങൾ വാങ്ങി ഭക്ഷണം ക്യാമ്പിൽ തയ്യാറാക്കേണ്ടതാണ്. സമീപ പ്രദേശത്തെ നദികൾ, കുളങ്ങൾ, കനാലുകൾ എന്നിവിടങ്ങളിൽ വോളണ്ടിയർമാർ കുളിയ്ക്കാനോ, അപകടകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ പാടില്ല. ഇവയുടെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ വിദഗ്ധരുടെ സഹായത്തോട പ്രോഗ്രാം ഓഫീസറുടെയും റസിഡൻസ് അസോസിയേഷൻ ഭാരവാഹികളുടെയും സാന്നിധ്യത്തിൽ അപകടരഹിതമായി പ്രവർത്തനത്തിൽ ഏർപ്പെടാവുന്നതാണ്. **<u>സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളണ്ടിയർമാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പലിനും പ്രോഗ്രാം ഓഫീസറിനുമായിരിക്കും.</u>** സ്പെഷ്യൽ ക്യാമ്പ് പ്രൊപ്പോസലിൽ പേര് നൽകിയിട്ടുള്ള അധ്യാപകർ മാത്രമേ ക്യാമ്പിൽ പങ്കെടുക്കാൻ പാടുള്ളൂ.

വോളണ്ടിയർമാരെ 6 ഗ്രൂപ്പുകളായി തിരിയ്ക്കണം.(1. Mess Committee, 2. Programme Committee, 3. Project Committee, 4. Cultural Programme & General Discipline Committee, 5.Documentation Committee, 6.Reception Committee). ഓരോ ഗ്രൂപ്പിനും ഓരോ ലീഡർമാരെ തെരഞ്ഞെടുക്കണം. ഓരോ ദിവസവും ഗ്രൂപ്പുകൾക്ക് ചുമതല മാറ്റി നൽകേണ്ടതാണ്. എല്ലാ വോളണ്ടിയർമാരും ക്യാമ്പ് ഡ്യൂട്ടിയിലുള്ള അധ്യാപകരും ക്യാമ്പിൽ താമസിയ്ക്കേണ്ടതും ക്യാമ്പിലെ നിയമങ്ങൾ അനുസരിയ്ക്കേണ്ടതുമാണ്. അതാതു ദിവസത്തെ ക്യാമ്പ് വിലയിരുത്തൽ പാർലമെന്ററി രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്.

**Suggestive Model Schedue**

1. Waking Up - 5 am
2. Morning Assembly(NSS song and Pledge) and Physical Exercises 6 am to 7 am
3. Break Fast and Collection of tools etc. 7 am to 8 am
4. Project work 8 am to 1pm
5. Personal Hygiene & Lunch 1 pm to 2 pm
6. Talks by eminent visitors followed by discussion & Community Visit 2pm to 4pm
7. Review of Day's Work 6pm to 7pm
8. Dinner 7pm to 8pm
9. Recreation and socio – cultural programmes 8 pm to 9.30 pm
10. Light Off 10 pm

മൊബൈൽ ഫോൺ, ക്യാമറ മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ ക്യാമ്പിൽ കർശനമായും നിരോധിച്ചിരിക്കുന്നു. ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ എന്നിവ എൻ.എ സ്സ്.എസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങളാണ്. അവ ക്യാമ്പ് ദിനങ്ങളിൽ സംഘടിപ്പിക്കാൻ പാടില്ല. **അതേ സ്കൂളിലോ അനുബന്ധ സ്ഥാപനങ്ങളിലോ, യൂണിറ്റുകൾ പരസ്പരം മാറിയോ, അനാഥാലയം, വൃദ്ധസദനം, ബോർഡിംഗ് സ്കൂൾ തുടങ്ങിയ കേന്ദ്രങ്ങളിലോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നവർക്ക് എൻഎസ്എസ് ഗ്രേസ്സ് മാർക്കും സർട്ടിഫിക്കറ്റും ലഭിക്കുന്നതല്ല. ഒന്നിലധികം യൂണിറ്റുകൾ ചേർന്ന് കമ്പയിൻഡ് ക്യാമ്പിംഗ് അനുവദിക്കുന്നതല്ല.** സ്പെഷ്യൽ ക്യാമ്പിനായി സ്ഥലം തെരഞ്ഞെടുക്കുമ്പോൾ സ്വന്തം സ്കൂളിൽ നിന്നും മൂന്നു കിലോമീറ്റർ എങ്കിലും അകലെയും 20 കിലോമീറ്ററിന് അകത്തും ആയിരിക്കണം. മറ്റു ജില്ലകളിൽ ക്യാമ്പ് നടത്താൻ അനുവദിക്കുന്നതല്ല. **സ്പെഷ്യൽ ക്യാമ്പിൽ അധ്യാപികമാരുടെയും അധ്യാപകരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രിൻസിപ്പൽമാർ പ്രത്യേകം ഉറപ്പു വരുത്തേണ്ടതാണ്. അദ്ധ്യാപകരുടെ ക്യാമ്പ് ഡ്യൂട്ടി ലിസ്റ്റ് ക്യാമ്പ് പ്രൊപ്പോസലിനോടൊപ്പം നൽകുകയും ക്യാമ്പിൽ പ്രദർശിപ്പിച്ചിരിക്കുകയും വേണം. എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ടവർ മാത്രമേ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്നുള്ളൂവെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.** സ്പെഷ്യൽ ക്യാമ്പ് നടത്തുന്നതിനായി പൊതുജനങ്ങളിൽ നിന്നോ രക്ഷകർത്താക്കളിൽ നിന്നോ പണപ്പിരിവ് പാടില്ല. ക്യാമ്പ് തികച്ചും മതേതര ജനാധിപത്യ സ്വഭാ

വത്തിലുള്ളതും, പ്രോട്ടോകോൾ പാലിക്കുന്നതുമായിരിക്കണമെന്ന് പ്രത്യേകം ഉറപ്പുവരുത്തണം.

സപ്തദിനസഹവാസ ക്യാമ്പിൽ **പ്രോഗ്രാം ഓഫീസർ മുഴുവൻ സമയവും** നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ മറ്റ് അധ്യാപക/അനധ്യാപകർക്ക് ക്യാമ്പ് ചുമതല കൈമാറി ക്യാമ്പിൽ നിന്ന് വിട്ടു നിൽക്കാൻ പാടില്ല. ക്യാമ്പിൽ മറ്റ് അധ്യാപകരെ പ്രിൻസിപ്പൽമാർ നിയോഗിച്ചിട്ടുണ്ടെന്ന് പിഎസി അംഗങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അത്യാവശ്യഘട്ടത്തിൽ ക്യാമ്പിൽ നിന്ന് വിട്ടുനിൽക്കേണ്ട സന്ദർഭം ഉണ്ടായാൽ പിഎസി അംഗത്തെയോ/ജില്ലാ പ്രോഗ്രാം കൺവീനറയോ അറിയിച്ച് അനുമതി വാങ്ങേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, പോലീസ്, ആശുപത്രി, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ക്യാമ്പ് പ്രദേശത്തെ പ്രമുഖ വ്യക്തികൾ എന്നിവരെ സ്പെഷ്യൽ ക്യാമ്പ് മുൻകൂട്ടി അറിയിക്കേണ്ടതാണ്. സമീപ പോലീസ് സ്റ്റേഷന്റെയും ആശുപത്രിയുടെയും വിവരം ക്യാമ്പിൽ പ്രദർശിപ്പിയ്ക്കേണ്ടതാണ്. **ക്യാമ്പ് നോട്ടീസ് സമയക്രമം സൂചിപ്പിച്ച് അച്ചടിക്കണം. ക്യാമ്പിലേക്കുള്ള റൂട്ട് മാപ്പ് നൽകിയിരിക്കണം.**

ഓരോ ക്യാമ്പിനും രണ്ടു ബാനർ ഉണ്ടായിരിക്കേണ്ടതും ഒരു ബാനർ ക്യാമ്പിലേയ്ക്കും മറ്റൊരു ബാനർ പൊതുജനങ്ങൾക്ക് വ്യക്തമായി കാണുന്നവിധത്തിലും ക്യാമ്പിലേയ്ക്കുള്ള പ്രവേശന കവാടത്തിലും ആയിരിക്കണം. സ്പെഷ്യൽ ക്യാമ്പിനു മുൻപായി സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ തീരുമാനിയ്ക്കേണ്ടതാണ്.

**2019 ഡിസംബർ 21 ന് രാവിലെ 9 മണിക്ക് ക്യാമ്പ് ആരംഭിക്കുകയും ഏഴാം ദിവസം 3 മണിയ്ക്കു ശേഷം സമാപന സമ്മേളനത്തോടെ ക്യാമ്പ് അവസാനിപ്പിയ്ക്കേണ്ടതുമാണ്.** പൊതു വിദ്യാഭ്യാസ ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ എൻഎസ്എസ് റീജണൽ ഡയറക്ടർ, സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ, ഹയർ സെക്കണ്ടറി ഡെപ്യൂട്ടി ഡയറക്ടർ, റീജണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, എൻഎസ്എസ് സെല്ലിലെ ഉദ്യോഗസ്ഥർ, റീജണൽ പ്രോഗ്രാം കൺവീനർമാർ, ജില്ലാ പ്രോഗ്രാം കൺവീനർമാർ, പിഎസി അംഗങ്ങൾ എന്നിവർ ക്യാമ്പ് സന്ദർശിക്കുന്നതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോ ഓഡിനേറ്റർ

## DIRECTORATE OF GENERAL EDUCATION
## HIGHER SECONDARY NATIONAL SERVICE SCHEME

PROPOSAL FOR ORGANISING SPECIAL CAMPING PROGRAMME

1. District :

2. Name of the school and Phone Number & email id :

3. Unit Number :

4. Name of Principal with Mobile Number :

5. Name of Programme Officer with Mobile Number & email id :

6. Names of Female Teachers deputed :

7. Names of Male Teachers deputed :

8. Name & Place of rennovating school/Anganwadi :

9. Place of Camping with full address :

10. Distance from the school and camping place :

11. Camp date From To

12. No.of volunteers selected : Male Female Total

13. Route to camp (from nearest railway station & bus stand) :

14. Name of Haritha Gramam :

15. Agencies/Departments contacted and Proposed to be involved :

16. Innovative Programmes :

17. Any other information :

Signature of the Programme Officer
( With date )

Signature of the Principal
( with date )

ജില്ലാ കൺവീനർ നൽകേണ്ട സ്പെഷ്യൽ ക്യാമ്പ് വിവരങ്ങളുടെ മാതൃക

District

| Sl.No. | Name of School | Name of P.O & Mobile Number | Name of Principal & Mobile Number | Date:2019 December 21 to 27 Venue of the Camp | Name of Haritha gramam | Name of rennovating school/Anganwadi | No.of Teachers deputed | |
|---|---|---|---|---|---|---|---|---|
| | | | | | | | Male | Female |
| | | | | | | | | |
| | | | | | | | | |